# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3067**.

**19-06-2018 ൽ മറുപടിയ്ക്ക്**

## വെള്ളായണി പാടശേഖരം

**ചോദ്യം**

ശ്രീ.ഒ. രാജഗോപാൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വർഷങ്ങളായി വെള്ളായണി പാടശേഖരത്ത് തരിശായി കിടന്നിരുന്ന ഭൂമിയിൽ കൃഷി തുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാങ്കിളിക്കരി പാടശേഖരത്തിൽ 5 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചു. |
| (ബി) | പ്രസ്തുത കൃഷി തുടർന്നും നടത്തുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം നല്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനു ചുവടെ പറയും പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.<br>തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000/- രൂപയും, രണ്ടാം വർഷം 7,000/- ~~രൂപയും, മൂന്നാം വർഷം 4,500/- രൂപയും~~ ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000/- രൂപയും ഭൂവുടമയ്ക്ക് 5,000/- രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800/- രൂപയും 1,200/- രൂപയും മൂന്നാം വർഷം 3,750/- രൂപയും 750/- രൂപയും ആണ്. നെൽകൃഷി വികസന പദ്ധതി, ജനകീയാസൂത്രണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി തുടർന്നും സാമ്പത്തിക സഹായം നൽകുന്നതാണ്. |

Maya P

**സെക്ഷൻ ഓഫീസർ**